3. എടയന്നൂർ-കാനാട്-എൽ.പി. സ്കൂൾ കരിയാൽമൂല പള്ളിക്കരമുക്ക് റോഡ്	കി.മീ. 0/000 മുതൽ 2/600 വരെ	69 ലക്ഷം രൂപ
4. എടയന്നൂർ-കാനാട്-തറമ്മൽ-കീഴല്ലൂർ റോഡ്	കി.മീ. 0/000 മുതൽ 5/700 വരെ	345 ലക്ഷം രൂപ
5. മാനന്തേരി-മടപ്പുരൂർ-കുണ്ടേരിപ്പൊയിൽ റോഡ്	കി.മീ. 0/000 മുതൽ 4/500 വരെ	40 ലക്ഷം രൂപ
10. നീർവേലി-ആയിത്തര പട്ടാരി-കെ.സി.നഗർ റോഡ്	കി.മീ. 0/000 മുതൽ 5/500 വരെ	57 ലക്ഷം രൂപ

അങ്കമാലി ബൈപ്പാസ് നിർമ്മാണം

224 (5309) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചുചേർത്തതെന്നാണ്;

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത് ;

(ഡി) പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രസ്തുത ഏജൻസിയെ ഏല്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഏജൻസി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് എന്നാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; എങ്കിൽ ഇത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ജി) വിശദമായ പഠനങ്ങൾക്ക് ശേഷം കഴിഞ്ഞ സർക്കാരിന്റെ ബജറ്റിൽ 1000 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസിനെ കഴിഞ്ഞ അഞ്ച് ബജറ്റുകളിൽനിന്നും ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 31-3-2012-നും 2-7-2014-നും യോഗം വിളിച്ചുചേർത്തു.

(ബി) 31-3-2012-ലെ യോഗ തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്:

1. 45 മീറ്റർ വീതിയിൽ ഒരു ബൈപ്പാസും അതിനോടനുബന്ധിച്ച് PPP മോഡൽ റോഡ് വികസനവും സാധ്യമാക്കുവാൻ ശ്രമിക്കും.
2. മേൽപ്പടി ഭൂമിയുടെ ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തും.
3. ആർ.ബി.ഡി.സി.കെ.-യെ നോഡൽ ഏജൻസിയായി നിശ്ചയിച്ചു
4. ആർ.ബി.ഡി.സി.കെ. ഒരു സാദ്ധ്യതാ പഠനം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകണം.

2-7-2014-ലെ യോഗ തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്:

1. PPP മാതൃകയിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആർ.ബി.ഡി.സി.കെ. യെ ചുമതലപ്പെടുത്തി.
2. സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ഒരു ഫെസിലിറ്റേറ്റർ മാത്രമായിരിക്കും.
3. സ്ഥലവാസികളുടെ പ്രതികരണം പഠിക്കുന്നതിന് അലൈൻമെന്റ് ഭാഗത്ത് മാർക്ക് ചെയ്ത് അടയാളപ്പെടുത്തുവാൻ നിർദ്ദേശം നൽകി.

(സി) കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനത്തെയാണ് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) 2012 ഏപ്രിൽ മാസത്തിലാണ് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിറ്റ്കോയെ ഏൽപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ 2012 മേയ് മാസം ആർ.ബി.ഡി.സി.കെ.-യ്ക്ക് സമർപ്പിച്ചു. ആർ.ബി.ഡി.സി.കെ. 22-5-2012-ന് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

(എഫ്) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ 20-5-2013-ന് കിറ്റ്കോയെ ഏൽപ്പിച്ചു.

(ജി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത യനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തുന്നത് ധനകാര്യവകുപ്പാണ്.

തലശ്ശേരി മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ

225 (5310) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഏതെല്ലാം റോഡ് നിർമ്മാണ നവീകരണ പ്രവൃത്തികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും നിലവിലുള്ളതെന്നും വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ പദ്ധതികളിലാണ് ഉൾപ്പെടുത്തിയതെന്നും ഓരോ പ്രവൃത്തിക്കും എത്രയുകയാണ് നീക്കിവച്ചതെന്നും വിശദമാക്കാമോ ;

(സി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

അങ്കമാലി മുക്കന്നൂർ-ഏഴാറ്റുമുഖം റോഡ് വികസനം

226 (5311) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ദേശീയപാതയിൽ കരയാംപറമ്പ് കവലയിൽ വന്നുചേരുന്ന മുക്കന്നൂർ-ഏഴാറ്റുമുഖം റോഡ് ഉയർത്തി സ്ഥലത്തെ അപായങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly